"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.DB1/52/2021-LSGD

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 22/01/2021

## <u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ-രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം -സംബന്ധിച്ച്

സൂചന:- 1. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.12.2020-ന് കൂടിയ 8-ാമത് ലൈഫ് മിഷൻ യോഗതീരുമാനം.

2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 5.1.2020-ന് കൂടിയ യോഗതീരുമാനം.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/01/2021 ലെ LF/2371/2020/2.5 Lakh Houses നമ്പർ കത്ത്.

************************

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയ രണ്ടര ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ജനുവരി അവസാന വാരത്തിൽ ബഹു. മുഖ്യമന്ത്രി ഓൺലൈനായി നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ചുള്ള പരിപാടികളുടെ സംഘാടനം സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. ബഹു. മന്ത്രിമാർ, എം.എൽ.എമാർ, എം.പിമാർ ബഹു. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാർ എന്നിവർ പങ്കെടുക്കുന്ന സംസ്ഥാനതല ചടങ്ങിൽവെച്ച് ബഹു. മുഖ്യമന്ത്രി രണ്ടരലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം ഓൺലൈനായി നടത്തുന്നതാണ്.

2 . ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ജനപ്രതിനിധികളെയും ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി <u>കോവിഡ് </u>പ്രോട്ടോക്കോൾ പാലിച്ച് പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

3 . ബഹു. മുഖ്യമന്ത്രി പ്രഖ്യാപനം നടത്തുന്ന സംസ്ഥാനതല ചടങ്ങ് എല്ലാവർക്കും കാണുന്നതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ നടത്തേണ്ടതാണ്.

4. സംസ്ഥാനതല ചടങ്ങിനുശേഷം തദ്ദേശസ്ഥാപനതല ചടങ്ങ് തുടരാവുന്നതാണ്.

5. തദ്ദേശസ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ ഏകോപന ചുമതല ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഗ്രാമവികസന വകുപ്പ് പ്രോജക്ട് ഡയറക്ടർ, നഗരകാര്യ വകുപ്പ് റീജിയണൽ ജോയിൻറ് ഡയറക്ടർ, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർക്കായിരിക്കും.

6. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ജില്ലാതല ഉദ്യോഗസ്ഥർക്കും തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

7. ഇതിനായി ജില്ലാ കളക്ടർമാർ വീഡിയോ കോൺഫറൻസ് മുഖേന തദ്ദേശസ്ഥാപന അധികൃതർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

8. തദ്ദേശസ്ഥാപന സെക്രട്ടറിമാർ അടിയന്തരമായി കമ്മിറ്റി വിളിച്ചുചേർത്ത് വിഷയം പ്രത്യേക അജണ്ട വെച്ച് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളണം.

9. തദ്ദേശസ്ഥാപനതലത്തിൽ സംഘാടക സമിതി കൂടി പരിപാടിയുടെമുന്നൊരുക്കങ്ങൾ നടത്തണം .

10. തദ്ദേശസ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ജില്ലാ കളക്ടറുടെ അദാലത്തിലേക്കുള്ള വിവിധ അപേക്ഷകൾ സമർപ്പിക്കാവുന്നതും തദ്ദേശസ്ഥാപനങ്ങൾ ടി അപേക്ഷകൾ സമാഹരിച്ച് ജില്ലാ കളക്ടർക്ക് കൈമാറേണ്ടതുമാണ്.

11. ഗ്രാമ, ബ്ലോക്ക്, ജില്ലാ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ മുഴുവൻ തദ്ദേശസ്ഥാപനങ്ങളും പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മതിയായ എണ്ണം ബോർഡുകളും ബാനറുകളും തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്

12. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ വിശദമായ നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്. ഇതിൽ അതാത് തലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള മന്ത്രിമാർ, എം.എൽ.എമാർ, എം.പിമാർ, ജില്ലാ/ബ്ലോക്ക് ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തേണ്ടതാണ്.

13. പരിപാടിക്ക് ആവശ്യമായ പബ്ലിസിറ്റി (സംസ്ഥാന/ജില്ലാ/തദ്ദേശതലം) പത്രങ്ങളിലൂടെയും ഇതര മാധ്യമങ്ങളിലൂടെയും പി.ആർ.ഡി മുഖേന നടത്തേണ്ടതും പി.ആർ.ഡി. ഡയറക്ടർ ഈ ആവശ്യത്തിലേക്കായി ഒരു മുതിർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ്.

14. ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടിക്ക് ആവശ്യമായ സാങ്കേതിക സഹായം കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നൽകേണ്ടതാണ്.

15. തദ്ദേശസ്ഥാപനതലത്തിൽ ആവശ്യമായ സാങ്കേതിക സഹായം ഇൻഫർമേഷൻ കേരള മിഷൻ നൽകേണ്ടതാണ്.

16. പരിപാടിയുടെ നടത്തിപ്പിലേക്കായി ലൈഫ് മിഷന് അതിന്റെ ഫണ്ടിൽ നിന്നും/ തദ്ദേശസ്ഥാപനങ്ങൾക്ക് അവയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി സർക്കാരിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും, സെക്രട്ടറിമാർക്കും.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്.

ഡയറക്ടർ, ഐ.റ്റി മിഷൻ.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്